# രണ്ടാം പാദവാർഷിക പരീക്ഷ - 2011-2012

## സാമൂഹ്യശാസ്ത്രം

ക്ലാസ് - 10 | സ്കോർ : 80
സമയം : 21/2 മണിക്കൂർ

**നിർദ്ദേശങ്ങൾ:**

* 15 മിനുട്ട് കൂൾഓഫ് ടൈം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുക.
* എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
* ചോദ്യങ്ങളുടെ സ്കോർ പരിഗണിച്ച് സമയം ക്രമീകരിക്കണം.

1. പ്രത്യക്ഷഅനുഭവവാദവും ഭൗതികവാദവും തമ്മിലുള്ള സാമ്യം എന്ത്? (1)
2. മധ്യകാല യൂറോപ്പിൽ നിലനിന്നിരുന്ന നാടുവാഴി ഭരണത്തിൽ നിന്നും വ്യത്യസ്തമായ ഒരു ഭരണരീതി ഇറ്റാലിയൻ നഗരങ്ങളിൽ രൂപപ്പെട്ടത് എങ്ങനെ? (2)
3. റോമാസാമ്രാജ്യം, മൗര്യസാമ്രാജ്യം എന്നിവയുടെ തുടർച്ചയല്ല സാമ്രാജ്യത്വം എന്നത്. ഇത് പുതിയൊരു പ്രതിഭാസമാണ്- എന്താണ് സാമ്രാജ്യത്വം? (2)
4. 'ഇന്ത്യയിൽ നടപ്പിലാക്കിയ പഞ്ചവത്സരപദ്ധതികൾ നമ്മുടെ സമ്പത്ത് ഘടനയ്ക്ക് കരുത്തേകി'. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പഞ്ചവത്സരപദ്ധതികളിലൂടെ ഇന്ത്യ കൈവരിച്ച പുരോഗതി വിലയിരുത്തുക. (2)
5. ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങൾ എന്തെല്ലാമായിരുന്നു? ഈ ആശയങ്ങൾ ഏത് സാമൂഹിക വ്യവസ്ഥയെയാണ് മാറ്റി മറച്ചത്? (3)
6. ഫാഷിസവും നാസിസവും മുന്നോട്ട് വച്ച ആശയങ്ങളിൽ സമാനതകൾ ഉണ്ടായിരുന്നു. വ്യക്തമാക്കുക. (3)
7. രണ്ടാം ലോകയുദ്ധത്തിലെ കപടയുദ്ധം എന്നറിയപ്പെട്ടത് എന്താണ്? ഈ പേരിൽ അത് അറിയപ്പെടാൻ കാരണമെന്ത്? (3)
8. പോർച്ചുഗീസുക്കാരുടെയും ഫ്രഞ്ച്ക്കാരുടെയും അധീനതയിൽ ഉണ്ടായിരുന്ന പ്രദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയെ വർഗീകരിക്കുക.

   ഗോവ, മാഹി, യാനം, ദാമൻ, പോണ്ടിച്ചേരി, ദിയു

| പോർച്ചുഗീസ് അധീന പ്രദേശങ്ങൾ | ഫ്രഞ്ച് അധീന പ്രദേശങ്ങൾ |
|---|---|
| | |

(3)

9. ആധുനികശാസ്ത്രയുഗത്തിന് നേതൃത്വം നൽകിയ ശാസ്ത്രകാരന്മാരെ എ കോളത്തിൽ നൽകിയിരിക്കുന്നു. അനുയോജ്യമായവ ബി,സി കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത് എഴുതുക.

| എ | ബി | സി |
|---|---|---|
| മാക്സ് പ്ലാങ്ക് | പരിണാമസിദ്ധാന്തം | അണുബോംബ് |
| ചാൾസ് ഡാർവിൻ | അണുവിഭജനം | ആസ്ട്രിയൻ പുരോഹിതൻ |
| ഏണസ്റ്റ് റതർഫോർഡ് | ജനിതകശാസ്ത്രം | ഭൗതികശാസ്ത്രം |
| റവ.ഗ്രിഗോർ മെന്റൽ | ക്വാണ്ടം ബലതന്ത്രം | ഇംഗ്ലീഷ് പ്രകൃതി ശാസ്ത്രജ്ഞൻ |

(4)

10. 'സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട പ്രധാനപ്പെട്ട വെല്ലുവിളി നാട്ടുരാജ്യസംയോജനമായിരുന്നു.' നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂനിയനിൽ ചേർക്കുന്നതിന് ഇന്ത്യാഗവൺമെന്റ് നടത്തിയ നടപടികൾ എന്തൊക്കെയായിരുന്നു? (4)

11. ഇന്ത്യ ഒരു ബഹുസ്വര സമൂഹമായി നിലക്കൊള്ളുന്നു. -ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഘടകങ്ങൾ ഏതൊക്കെ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (4)

12. ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയിലുണ്ടായ ചില പ്രധാന നാഴികകല്ലുകളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവ കാലഗണന ക്രമത്തിലാക്കുക.

എ. വിദ്യാഭ്യാസ അവകാശ നിയമം

ബി. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ

സി. ഡോ.രാധാകൃഷ്ണൻ കമ്മീഷൻ

ഡി. കോത്താരി കമ്മീഷൻ

ഇ. സർജന്റ് കമ്മീഷൻ (5)

13. ജർമ്മനിയോട് പ്രീണനനയം സ്വീകരിക്കാൻ ബ്രിട്ടനെയും ഫ്രാൻസിനെയും പ്രേരപ്പിച്ച ഘടകങ്ങളെന്തെല്ലാം? (5)

14. അണുബോംബ് വർഷിക്കാതെ തന്നെ ജപ്പാനെ കീഴടക്കാമെന്നിരിക്കെ രണ്ടാലോകയുദ്ധത്തിനൊടുവിൽ ജപ്പാനിൽ അമേരിക്ക ആണവബോംബ് വർഷിച്ചതിന് പിന്നിലുള്ള താല്പര്യങ്ങൾ എന്തെല്ലാമായിരുന്നു? (4)

15. ഇന്ത്യയിലെ റോഡ് റെയിൽ ഗതാഗത സംവിധാനത്തെക്കാൾ ജലഗതാഗതത്തിനുള്ള ഏതെങ്കിലും രണ്ട് മേന്മകൾ എഴുതുക? (2)

16. കുന്നിൻ പ്രദേശങ്ങൾ ജനസംഖ്യ കുറവുള്ള പ്രദേശങ്ങളാണ്. എന്നാൽ ഊട്ടി,സിംല എന്നിവിടങ്ങളിൽ ജനസംഖ്യ കൂടുതലാണ്. എന്താണ് ഇതിന്റെ കാരണം? വിശദമാക്കുക. (2)

17. ചുവടെയുള്ള നദികൾ ഏതൊക്കെ എന്ന് കണ്ടെത്തി ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക?

എ) കൈലാസ പർവ്വതനിരയിലെ ചെമയുങ്ദുങ് ഹിമാനിയിൽ നിന്ന് ഉൽഭവിക്കുന്ന നദി.

ബി) ഭഗീരഥി നദിയും അളകനന്ദയും ദേവപ്രയാഗിൽ വെച്ച് സന്ധിച്ച് ഒന്നായി ഒഴുകുന്ന നദി. (3)

18. ഖാരിഫ്, റാബി എന്നീ കാർഷികകാലങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസം എന്ത്? (3)

19. സമ്പത്ത് വ്യവസ്ഥയിൽ പൊതുമേഖലയുടെ പ്രാധാന്യം ഇന്ത്യയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക. (3)

20.എ). ഭൂപടത്തിൽ -
എന്നിങ്ങനെ
അടയാളപ്പെടുത്തിയവ
ഏത് ഭൂപ്രകൃതി വിഭാഗങ്ങ
ളാണെന്ന് എഴുതുക?

ബി) ഈ ഭൂപ്രകൃതി വിഭാഗങ്ങളുടെ
ഓരോ സവിശേഷത വീതം
എഴുതുക?




(4)

21. ഇന്ത്യയിൽ കൃഷി ചെയ്യുന്ന പ്രധാനപ്പെട്ട തോട്ടവിളകളായ തേയില, കാപ്പി എന്നിവയുടെ വളർച്ചക്കാവശ്യമായ ഭൂമിശാസ്ത്ര ഘടങ്ങളും അവ ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളും എഴുതുക. (4)

22. ഇന്ത്യയിലെ ജനസംഖ്യാ വർദ്ധനവ് ഇന്നത്തെ നിലയിൽ തുടരുകയാണെങ്കിൽ രാജ്യത്തിന്റെ സാമൂഹിക ജീവിതത്തിൽ ഉണ്ടാക്കാവുന്ന പ്രശ്നങ്ങൾ വ്യക്തമാക്കുക. (4)

23. ഗ്രാമീണ മേഖലയുടെ വികസനത്തിൽ സഹകരണ ബാങ്കുകളുടെ സേവനം ഏറെ പ്രാധാന്യം ഉള്ളതാണ്. ലക്ഷ്യങ്ങൾ, പ്രവർത്തന മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന വിലയിരുത്തുക. (4)

24. ഇന്ത്യയിലെ ജനജീവിതത്തിൽ ഭൂപ്രകൃതി സവിശേഷതകളുടെ പങ്ക് -എന്ന വിഷയത്തിൽ ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക. (6)

****************